കർഷകസംഘം സംസ്ഥാന സമ്മേളനം: പച്ചക്കറിക്കൃഷി ആരംഭിച്ചു

ആലപ്പുഴ: സെപ്റ്റംബർ 18 മുതൽ 20 വരെ ആലപ്പുഴയിൽ നടക്കുന്ന കേരള കർഷക സംഘം സംസ്ഥാന സമ്മേളനത്തിൽ സമ്മേളന പ്രതിനിധികൾക്ക് ഭക്ഷണം ഒരുക്കാനുള്ള പച്ചക്കറികൾക്കായി കൃഷി ആരംഭിച്ചു. തൈകളുടെ നടീൽ ഉദ്ഘാടനം കഞ്ഞിക്കുഴിയിൽ സംസ്ഥാന കർഷകഅവാർഡ് ജേതാവ് ശുഭകേശന്റെ കൃഷിയിടത്തിൽ കർഷകസംഘം സംസ്ഥാന സെക്രട്ടറി വത്സൻ പനോളി നിർവഹിച്ചു. സംസ്ഥാന പ്രസിഡന്റ് എം. വിജയകുമാർ മുഖ്യാതിഥിയായി പങ്കെടുത്തു. കർഷകസംഘം ആലപ്പുഴ ജില്ലാ പ്രസിഡന്റ് അഡ്വ.ജി.ഹരിശങ്കർ അധ്യക്ഷത വഹിച്ചു.

സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ സ്വാഗതം പറഞ്ഞു. കേന്ദ്ര കമ്മിറ്റി അംഗങ്ങളായ ജി.വേണുഗോപാൽ, വത്സലാ മോഹൻ, സംസ്ഥാന കമ്മിറ്റി അംഗങ്ങളായ കെ എച്ച് ബാബുജൻ, ഷെയ്ക് പി ഹാരിസ്, അഡ്വ. എൻ.പി. ഷിബു, അഡ്വ.എം സന്തോഷ് കുമാർ, പാർട്ടി ഏരിയാ സെക്രട്ടറി ബി. സലീം, ജില്ലാ ഭാരവാഹികളായ ആർ.രെജിമോൻ, എം.വി.ശ്യാം, ബി. ശ്രീലത, ഏരിയാ പ്രസിഡന്റ്, എ.വി സലീംകുമാർ, സെക്രട്ടറി വി.ശശീന്ദ്രൻ തുടങ്ങിയവർ പങ്കെടുത്തു. നൂറുകണക്കിന് കർഷകരും ബഹുജനങ്ങളും പങ്കെടുത്ത സമ്മേളനത്തിൽ കർഷകരായ ശുഭകേശൻ, ജി. ഉദയപ്പൻ എന്നിവർ സംസ്ഥാന ഭാരവാഹികളെ വിത്തു മാല നൽകി സ്വീകരിച്ചു. രണ്ടര ഏക്കറിലാണ് വൈവിധ്യമാർന്ന പച്ചക്കറികളാണ് ഇവിടെ ഉത്പാദിപ്പിക്കുന്നത്.

● കേരള കർഷകസംഘം സംസ്ഥാന സമ്മേളനത്തിൽ സമ്മേളനപ്രതിനിധികൾക്ക് ഭക്ഷണം ഒരുക്കാനുള്ള പച്ചക്കറിക്കൃഷിയുടെ ഉദ്ഘാടനം കഞ്ഞിക്കുഴിയിൽ ശുഭകേശന്റെ കൃഷിയിടത്തിൽ കർഷകസംഘം സംസ്ഥാന സെക്രട്ടറി വത്സൻ പനോളി നിർവഹിക്കുന്നു

ആലപ്പുഴയുടെ തീരത്ത് കരിമണൽ ഖനനം അനുവദിക്കില്ല: കരിമണൽ ഖനനവിരുദ്ധ ഏകോപന സമിതി

അമ്പലപ്പുഴ: ആലപ്പുഴയുടെ തീരത്ത് കരിമണൽ ഖനനം അനുവദിക്കില്ലെന്ന് കരിമണൽ ഖനന വിരുദ്ധ ഏകോപന സമിതി. ആലപ്പുഴയുടെ തീരം ഏഷ്യയിലെ ഏറ്റവും വലിയ പരിസ്ഥിതി ദുർബല പ്രദേശമാണ്.

ഖനനം ഇവിടെ ആരംഭിച്ചാൽ ആറാട്ടുപുഴ, തൃക്കുന്നപ്പുഴ, പുറക്കാട് പഞ്ചായത്തുകൾ മണ്ണറയും. കുട്ടനാട് ഉപ്പ് വെള്ളം കയറി നശിക്കും. ഇതിനാൽ തീരവാസികളും കുട്ടനാട്ടുകാരും ഒന്നിച്ച് നിന്ന് കക്ഷി രാഷ്ട്രീയത്തിന് അതീതമായി ചെറുത്ത് നിൽപ്പിന്റെ പുതിയ സമരമുഖം ആലപ്പുഴയിൽ തുറക്കാൻ കരിമണൽഖനന വിരുദ്ധ ഏകോപന സമിതി തീരുമാനിച്ചു.

ധാതുമണൽ ക്രിറ്റിക്കൽ മിനറൽ കോറിഡോർ പദ്ധതിയിൽ നിന്നും ആലപ്പുഴയെ ഒഴിവാക്കാൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് ഭീമ ഹർജി നൽകാനും തീരുമാനിച്ചു. 2003 ൽ സർവകക്ഷികളും ചേർന്ന് തള്ളി കളഞ്ഞതാണ് ആലപ്പുഴ ജില്ലയിലെ മണൽ ഖനനം. ആലപ്പുഴ ജില്ലയുടെ തീരത്തുനിന്നും സ്വകാര്യ മേഖലയിലോ പൊതു മേഖലയിലോ സംയുക്ത മേഖലയിലോ ഖനനം പാടില്ല എന്ന് സർവകക്ഷി യോഗം തീരുമാനിച്ചതുമാണ്.

എന്നാൽ കഴിഞ്ഞ സർക്കാർ ദുരന്ത നിവാരണ മറവിൽ നടത്തിയ മണൽഖനനം തീരത്തേയും കുട്ടനാടിനേയും ഏറെ തകർത്തുകളഞ്ഞു.

ഇനിയൊരു ഖനനം താങ്ങാനുള്ള ശേഷി ഈ തീരത്തിനില്ല. ഖനനത്തിനെതിരെ തീരജനതയുടെ പ്രതിഷേധം കൂടി കൊണ്ടാണ് മുൻ സർക്കാരിന് വീണ്ടും അധികാരത്തിൽ വരാൻ സാധിക്കാതിരുന്നത്. ജനപക്ഷ നിലപാട് സ്വീകരിച്ച് മുന്നോട്ടു പോകേണ്ട സർക്കാർ ആലപ്പുഴയിലെ ഖനന നിർദേശത്തിൽ നിന്ന് പിന്തിരിയണമെന്നും സമിതി ആവശ്യപ്പെട്ടു.

ഈ വിഷയം ഉയർത്തി വിദഗ്ധരെ ഉൾപ്പെടുത്തി എല്ലാ തീരദേശ പഞ്ചായത്തുകളിലും സെമിനാറും ജനകീയ പ്രതിരോധ സമ്മേളനങ്ങളും നടത്താനും സമരസമിതി തീരുമാനിച്ചു. യോഗത്തിൽ സമരസമിതി ചെയർമാൻ എസ്.സുരേഷ് കുമാർ അധ്യക്ഷത വഹിച്ചു.

എസ്.സീതിലാൽ, നാസർ ആറാട്ടുപുഴ, ഗിരീഷ് വിശംഭരൻ, കെ. രാമചന്ദ്രൻ, ആർ. അർജുനൻ, ബി ഭദ്രൻ, അഡ്വ. ശാന്തിരാജ്, ഷിബു പ്രകാശ്, ഇ .ഗിരിജാശങ്കർ, ജോൺസൺ മാത്യു എന്നിവർ പ്രസംഗിച്ചു.

കുട്ടനാട്ടിൽ ആഫ്രിക്കൻ ഒച്ചുശല്യം രൂക്ഷം

എടത്വ: മഴക്കാലമെത്തിയതോടെ ആഫ്രിക്കൻ ഒച്ച് ശല്യം രൂക്ഷം. വീടുകളുടെ പരിസരങ്ങളിലും കൃഷിയിടങ്ങളിലും വലിയ തോതിൽ ഒച്ചുകൾ വ്യാപിച്ചതോടെ ജനങ്ങൾ ആശങ്കയിൽ.

വാഴ, പപ്പായ, മരച്ചീനി, പച്ചക്കറികൾ, അലങ്കാരസസ്യങ്ങൾ തുടങ്ങി നൂറുകണക്കിന് സസ്യങ്ങളെയാണ് ഒച്ചുകൾ നശിപ്പിക്കുന്നത്. രാത്രികാലങ്ങളിൽ കൂടുതൽ സജീവമാകുന്ന ഒച്ചുകൾ വീടുകളുടെ ചുമരുകളിലും അടുക്കള പരിസരങ്ങളിലും വരെ എത്തുന്നത് നാട്ടുകാരെ ആശങ്കപ്പെടുത്തുന്നു. കേരളത്തിൽ മഴക്കാല സീസണിൽ മുൻകാലങ്ങളിലും ഒച്ചുകളുടെ വ്യാപനം രൂക്ഷമായിരുന്നു. ആഫ്രിക്കൻ ഒച്ചുകളെ കൈകാര്യം ചെയ്യുമ്പോൾ കൈയുറ ധരിക്കണമെന്നും തുടർന്ന് കൈകൾ സോപ്പുപയോഗിച്ച് നന്നായി കഴുകണമെന്നും ആരോഗ്യവിദഗ്ധർ നിർദേശി ക്കുന്നു. ഒച്ചുകൾ പരാദജീവികളെ വഹിക്കാൻ സാധ്യതയുള്ളതിനാൽ നേരിട്ട് സ്പർശിക്കുന്നത് ഒഴിവാക്കണമെന്നും നിർദേശമുണ്ട്. കൃഷി വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ ബോധവത്കരണവും കൂട്ടായ നിയന്ത്രണ പ്രവർത്തനങ്ങളും ശക്തമാക്കണമെന്ന് കർഷകർ ആവശ്യപ്പെട്ടു.

വീടുകളുടെ പരിസരം വൃത്തിയായി സൂക്ഷിക്കുക, മാലിന്യക്കൂമ്പാരങ്ങളും ഈർപ്പമുള്ള ഇടങ്ങളും ഒഴിവാക്കുക, ഒച്ചുകളുടെ മുട്ടകൾ നശിപ്പിക്കുക എന്നിവ നിയന്ത്രണത്തിന് സഹായകരമാണെന്നും വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു.

ആലപ്പുഴയിൽ നാളെ സ്വകാര്യ ബസ് പണിമുടക്ക്

ആലപ്പുഴ: സ്ത്രീകൾക്ക് കെ.എസ്.ആർ.ടി.സിയിൽ സൗജന്യയാത്ര അനുവദിച്ചതു മുതൽ യാത്രക്കാരെ ലഭിക്കാതെ വരുമാനനഷ്ടമുണ്ടായി സ്വകാര്യ ബസ് സർവീസ് മുന്നോട്ടുകൊണ്ടു പോകാൻ കഴിയാത്തതിന് ശാശ്വതപരിഹാരം ഉണ്ടാക്കണമെന്നാവശ്യപ്പെട്ട് ആലപ്പുഴയിൽ സ്വകാര്യ ബസ് ഉടമകളും തൊഴിലാളികളും നാളെ സൂചനാ പണിമുടക്ക് നടത്തും.

പണിമുടക്കുന്ന ഉടമകളും തൊഴിലാളികളും കലക്ടറേറ്റിലേക്ക് മാർച്ചും ധർണയും നടത്തും. യാതൊരു മുന്നൊരുക്കങ്ങളോ ദീർഘവീ ക്ഷണമോ ഇല്ലാതെ തെരഞ്ഞെടുപ്പ് ജയിക്കുക എന്ന ഒറ്റലക്ഷ്യം മാത്രം മുൻനിർത്തി പ്രകടനപത്രിക വഴി പ്രഖ്യാപിച്ച് നടപ്പിലാക്കിയിരിക്കുന്ന സൗജന്യയാത്ര ഇവിടെ ഒരു നൂറ്റാണ്ടിലേറെയായി നിലനിന്നു വരുന്ന പൊതുഗതാഗത സംവിധാനമാണ് താറുമാറാക്കിയിരിക്കുന്നതെന്ന് ഉടമകൾ കുറ്റപ്പെടുത്തുന്നു. പ്രശ്നം ഉടലെടുത്തിട്ട് 20 ദിവസങ്ങൾ പിന്നിട്ടിട്ടും പരിഹാരം കാണാൻ ഫലപ്രദമായ ഒരു ബദൽ പരിപാടി കൊണ്ടുവരാൻ ഗതാഗതവകുപ്പിനും സർക്കാരിനും കഴിഞ്ഞിട്ടില്ല.

ഡീസലിന് 50 ശതമാനം സബ്സിഡി, വിദ്യാർഥി സൗജന്യ നിരക്കിന് വർധനവ്, നികുതിയിളവ്, സീറോ ടിക്കറ്റിന് റീ ഇമ്പേഴ്സ്മെന്റ് തുടങ്ങിയ ആവശ്യങ്ങൾ പരിഗണിച്ച് പ്രശ്നം ചർച്ചകളിലൂടെ പരിഹരിക്കാൻ സർക്കാർ തയാറാകണമെന്ന് ബസ് ഉടമകളും തൊഴിലാളി യൂണിയൻ പ്രതിനിധികളും സംയുക്തമായി ചേർന്ന യോഗം ആവശ്യപ്പെട്ടു. കലക്ടറേറ്റ് ധർണ കേരള ബസ് ട്രാൻസ്പോർട്ട് അസോസിയേഷൻ (കെ.ബി.ടി.എ.) സംസ്ഥാന ജനറൽ സെക്രട്ടറി ഗോകുൽദാസ് ഉദ്ഘാടനം ചെയ്യും. പ്രമുഖ ട്രേഡ് യൂണിയൻ നേതാക്കളും പങ്കെടുക്കും.

സംയുക്തയോഗത്തിൽ കെ.ബി.ടി.എ ആലപ്പുഴ ജില്ലാ പ്രസിഡന്റ് പി.ജെ. കുര്യൻ അധ്യക്ഷനായിരുന്നു. സെക്രട്ടറി എസ്.എം. നാസർ, കലേഷ് കുമാർ (ബി.എം.എസ്.), അബ്ദുൾ റസാക്ക് (എ.ഡി.ടി.യു.), ഷാജിലാൽ, ബിജു ദേവിക, സുനീർ ഫിർദോസ്, റിനു സഞ്ചാരി എന്നിവർ പ്രസംഗിച്ചു.

പ്രതിഷേധിക്കും

മാവേലിക്കര: നാളെ ജില്ലയിൽ സ്വകാര്യ ബസുകൾ സർവീസ് നിർത്തിവച്ച് പ്രതിഷേധിക്കുമെന്ന് ബസ് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ. ഇന്ധനവില വർധന അടക്കമുള്ള പ്രതിസന്ധികളിൽപ്പെട്ട് നട്ടംതിരിഞ്ഞ് നിന്ന സ്വകാര്യ ബസുകൾ സംസ്ഥാന സർക്കാർ കെ.എസ്.ആർ.ടി.സിയിൽ പ്രിയദർശിനി സ്ത്രീ സൗജന്യ യാത്ര ജൂൺ പതിനഞ്ചിന് ആരംഭിച്ചശേഷം ദൈനംദിന ചിലവുകൾക്കുപോലും വരുമാനമില്ലാതെ കിതയ്ക്കുകയാണ്. തൊഴിലാളികളുടെ എണ്ണം കുറച്ചും വേതനം കുറച്ചുമാണ് നിലവിൽ സർവീസ് നടത്തുന്നത്. ഈ നിലയിൽ അധിക ദിവസങ്ങൾ സർവീസ് നടത്തുവാൻ കഴിയില്ല.

പ്രിയദർശിനി പദ്ധതിയിൽ സ്വകാര്യ ബസുകളെ കൂടി ഉൾപ്പെടുത്തി കെ.എസ്.ആർ.ടി.സിക്ക് നൽകുന്നതുപോലെ സ്വകാര്യ ബസുകൾക്കും ആനുകൂല്യം നൽകുക, ഡീസലിന് സംസ്ഥാന സർക്കാരിന് ലഭിക്കുന്ന നികുതി ഒഴിവാക്കി റേഷൻ സമ്പ്രദായത്തിൽ ഡീസൽ നൽകുക, വിദ്യാർഥികളുടെ യാത്രാസൗജന്യം അൻപത് ശതമാനമാക്കുക എന്നീ അടിയന്തിരാവശ്യങ്ങൾ നടപ്പാക്കണമെന്നാവശ്യപ്പെട്ടു തൊഴിലാളി സംഘടനകളുടെ സഹകരണത്തോടെ നാളെ ജില്ലയിലെ മുഴുവൻ സ്വകാര്യ ബസുകളും സർവീസ് നിർത്തിവെയ്ക്കുന്നതാണെന്ന് വിവിധ അസോസിയേഷൻ ഭാരവാഹികളായ പാലമുറ്റത്ത് വിജയകുമാർ (പ്രസിഡന്റ് ജില്ലാ ബസ് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ) ദിനേശ് കുമാർ (സെക്രട്ടറി, ജില്ലാ ബസ് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ) എന്നിവർ അറിയിച്ചു .ആലപ്പുഴ, ചേർത്തല, മാവേലിക്കര എന്നിവിടങ്ങളിൽ താലൂക്ക് കേന്ദ്രങ്ങളിലേക്ക് മാർച്ചും ധർണയും നടത്തും.

വയോധികയ്ക്ക് അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചു

മുഹമ്മ: വയോധികയ്ക്ക് അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചു. മുഹമ്മ പഞ്ചായത്ത് നാലാം വാർഡിൽ (70) വയസുള്ള ഇവർ കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലാണ്. പനിയെ തുടർന്ന് ചികിത്സയിൽ കഴിയവേ ഞായറാഴ്ചയാണ് രോഗം സ്ഥിരീകരിച്ചത്.

അപകടനില തരണം ചെയ്തിട്ടുണ്ട്. വീട്ടിലെ ടെറസിൽനിന്നുള്ള മഴവെള്ളം ശേഖരിച്ച് കുളിക്കുകയും മുഖം കഴുകുകയും ചെയ്തിരുന്നു. ഇതാണ് രോഗകാരണമെന്ന് ആരോഗ്യവകുപ്പ് അധികൃതർ പറയുന്നു. വീട്ടിലെ മറ്റുള്ളവർ ഈ വെള്ളം ഉപയോഗിച്ചിരുന്നില്ല. പ്രദേശത്തും സമീപ വാർഡുകളിലും പഞ്ചായത്തും ആരോഗ്യവകുപ്പ് അധികൃതരും ചേർന്ന് ബോധവത്ക്കരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. പഞ്ചായത്തിലെ പൊതുകുളങ്ങളും റിസോർട്ടുകളിലെ സ്വിമ്മിങ് പൂളുകളും കുളിക്കാനോ മറ്റ് ആവശ്യങ്ങൾക്കോ ഉപയോഗിക്കാൻ പാടി ല്ലെന്ന് പഞ്ചായത്ത് പ്രസിഡന്റ് എം. അരുൺ മോഹൻ അറിയിച്ചു. ഇതു സംബന്ധി ച്ചുള്ള ബോർഡുകൾ ഇന്ന് സ്ഥാപിക്കും.

സ്കൂളിന്റെ മതിൽ ഇടിഞ്ഞുവീണ് ദമ്പതികൾക്ക് പരുക്ക്

അരൂർ: സ്കൂളിന്റെ മതിൽ ഇടിഞ്ഞുവീണ് സമീപവാസികളായ ദമ്പതികൾക്ക് പരുക്ക്. ചന്തിരൂർ മേഴ്സി ഹയർസെക്കൻഡറി സ്കൂളിന്റെ മതിലാണ് ഇടിഞ്ഞുവീണത്. ഇവരെ വി.പി.എസ് ലേക്ക്ഷോർ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഒതിക്കാംപറമ്പ് വീട്ടിൽ ദാസൻ (65), ഭാര്യ സുജാത (62) എന്നിവർക്കാണ് പരുക്കേറ്റത്.

ഇന്നലെ ഉച്ചയ്ക്ക് ശേഷം മൂന്നോടെയായിരുന്നു സംഭവം. വീട്ടുമുറ്റത്ത് ജോലികളിൽ ഏർപ്പെട്ടിരിക്കെയാണ് മതിൽ ഇടിഞ്ഞുവീണത്. സുജാതയുടെ വലതുകാലിന് ഒടി വുണ്ട്. സംഭവത്തിൽ പ്രദേശവാസികളും റെസിഡൻസ് വെൽഫെയർ അസോസിയേഷൻ ജില്ലാ സെക്രട്ടറി ബി. അൻഷാദും ചേർന്നാണ് ഇവരെ ആശുപത്രിയിൽ എത്തിച്ചത്.

● കാപ്പാ നിയമപ്രകാരം കരുതൽ തടങ്കലിലാക്കിയ അനന്തു പോലീസ് ഉദ്യോഗസ്ഥർക്കൊപ്പം.

● ഓപ്പറേഷൻ തൂഫാൻ

മയക്കുമരുന്ന് വിൽപ്പനക്കാരനായ ഗുണ്ടയെ കാപ്പാ നിയമപ്രകാരം കരുതൽ തടങ്കലിലാക്കി

ആലപ്പുഴ: ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി മയക്കുമരുന്ന് വിൽപ്പനക്കാരനായ കുപ്രസിദ്ധ ഗുണ്ടയെ കാപ്പാ നിയമപ്രകാരം കരുതൽ തടങ്കലിലാക്കി. കായംകുളം പോലീസ് സ്റ്റേഷൻ പരിധിയിലെ കുപ്രസിദ്ധ ഗുണ്ടയായ കീരിക്കാട് വില്ലേജിൽ കണ്ണമ്പള്ളി ഭാഗം മുറിയിൽ കണ്ണമ്പള്ളി തെക്കതിൽ വീട്ടിൽ അനന്തു വിനയൻ (25)ണ് കാപ്പാ നിയമപ്രകാരം ആലപ്പുഴ ജില്ലാ മജിസ്ട്രേറ്റ് കൂടിയായ ജില്ലാ കലക്ടറുടെ ഉത്തരവ് പ്രകാരം അറസ്റ്റ് ചെയ്ത് ആറു മാസക്കാലത്തേക്ക് കരുതൽ തടങ്കലിലാക്കിയത്.

കായംകുളം പോലീസ് സ്റ്റേഷൻ പരിധിയിൽ നരഹത്യാശ്രമം, മയക്കുമരുന്ന് വിൽപ്പനയ്ക്കായി കടത്തിക്കൊണ്ട് വന്ന് കൈവശം വെക്കൽ, അടിപിടി, ദേഹോപദ്രവം ഏൽപ്പിക്കൽ, ഔദ്യോഗിക കൃത്യനിർവഹണത്തിലുള്ള എക്സൈസ് ഉദ്യോഗസ്ഥരെ ആക്രമിക്കൽ മുതലായ കേസുകളിൽ പ്രതിയാണ് അനന്തു. അന്തുവിനെ കാപ്പാ നിയമപ്രകാരം 2025 ഫെബ്രുവരി മാസത്തിൽ ഒരുവർഷം നാടു കടത്തിയിരുന്നു. തുടർന്നാണ് 22-3-2026ൽ രണ്ടുകിലോയോളം ഗഞ്ചാവുമായി ഇയാൾ എക്സൈസിന്റെ പിടിയിലായത് . ഗഞ്ചാവ് പിടികൂടിയ എക്സൈസ് ഉദ്യോഗസ്ഥരെ പെപ്പർ സ്പ്രേ ഉൾപ്പെടെ ഉപയോഗിച്ച് ആക്രമിച്ചതിന് ഇയാളുടെ പേരിൽ കായംകുളം പോലീസ് സ്റ്റേഷനിൽ നിലവിൽ കേസുണ്ട്. ആലപ്പുഴ ജില്ലയുടെ തെക്കൻ മേഖലകളിൽ വിപണനത്തിനായി ഗഞ്ചാവ് എത്തിച്ചു നൽകുന്നതിലെ പ്രധാന കണ്ണിയാണ് അനന്തു. മയക്കുമരുന്ന് വിപണനത്തിനെതിരെയും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന്റെയും ഭാഗമായി സാമൂഹികവിരുദ്ധർക്കെതിരെ കാപ്പാ ഉൾപ്പെടെയുള്ള നടപടികൾ ഊർജിതമായി നടപ്പാക്കുമെന്ന് കായംകുളം പോലീസ് അറിയിച്ചു.

പി.എസ്.സി. അഭിമുഖം

ആലപ്പുഴ: ജില്ലയിലെ വിദ്യാഭ്യാസ വകുപ്പിൽ ഹൈസ്കൂൾ ടീച്ചർ (സോഷ്യൽ സയൻസ്) (മലയാളം മീഡിയം) (കാറ്റഗറി. നമ്പർ.024/2025) തസ്തികയുടെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള യോഗ്യരായ ഉദ്യോഗാർഥികൾക്കായുള്ള (15 ഉദ്യോഗാർഥികൾ) അഭിമുഖം 10ന് നടത്തും. ചുരുക്കപ്പട്ടികയിലുള്ള 15 ഉദ്യോഗാ ർഥികൾക്കായുള്ള ഈ അഭിമുഖം കേരള പബ്ലിക് സർവീസ് കമ്മീഷൻ പത്തനംതിട്ട ജില്ലാ പി.എസ്.സി. ഓഫീസിലാണ് നടക്കുക. അഭിമുഖത്തിന് അർഹരായ ഉദ്യോഗാർത്ഥികൾക്കുള്ള വ്യക്തിഗത അറിയിപ്പുകൾ എസ്.എം.എസ് , പ്രൊഫൈൽ മെസേജ് എന്നിവ മുഖാന്തിരം ഇതിനോടകം തന്നെ കമ്മീഷൻ അയച്ചിട്ടുണ്ട്. പരീക്ഷാർഥികൾ തങ്ങളുടെ വ്യക്തിവിവരക്കുറിപ്പ് കൃത്യമായി പൂരിപ്പിച്ചതും, ഒറിജിനൽ വെരിഫിക്കേഷൻ സർട്ടിഫിക്കറ്റുകളും സഹിതം നിശ്ചിത സമയത്തും തീയതിയിലും പത്തനംതിട്ട ജില്ലാ പി.എസ്.സി. ഓഫീസിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അറിയാൻ ഉദ്യോഗാർത്ഥികൾ പി.എസ്.സി. ഔദ്യോഗി ക വെബ്സൈറ്റിലെ ഇന്റർവ്യൂ ഷെഡ്യൂൾ, അനൗൺസ്മെന്റ് ലിങ്കുകൾ എന്നിവ പരിശോധിക്കേണ്ടതാണെന്ന് ആലപ്പുഴ ജില്ലാ ഓഫീസർ അറിയിച്ചു.ഹയർസെക്കൻഡറി തുല്യതാ പരീക്ഷയ്ക്ക് ജൂലൈ രണ്ടാം വാരം തുടക്കം; ആലപ്പുഴ ജില്ലയിൽ എട്ട് പരീക്ഷാകേന്ദ്രങ്ങൾ

തുല്യതാ പരീക്ഷ

ആലപ്പുഴ: ഈ വർഷത്തെ ഹയർസെക്കൻഡറി തുല്യതാ പരീക്ഷകൾ ജൂലൈ രണ്ടാം വാരം ആരംഭിക്കും. ജൂലൈ 10 മുതൽ ഓഗസ്റ്റ് രണ്ടു വരെയാണ് പരീക്ഷകൾ ക്രമീകരിച്ചിരിക്കുന്നത്. ആലപ്പുഴ ജില്ലയിലുടനീളമായി ആകെ എട്ട് പരീക്ഷാകേന്ദ്രങ്ങളാണ് ഇതിനായി സജ്ജീകരിച്ചിട്ടുള്ളത്. വിവിധ വിഭാഗങ്ങളിലായി നൂറുകണക്കിന് പഠിതാക്കളാണ് ഇത്തവണ പരീക്ഷയെഴുതുന്നത്. ഒന്നാം വർഷ ഹ്യൂമാനിറ്റീസ് വിഭാഗത്തിൽ 455 പേരും കൊമേഴ്സ് വിഭാഗത്തിൽ 17 പേരും പരീക്ഷ എഴുതുന്നുണ്ട്.

രണ്ടാം വർഷത്തിൽ ഹ്യൂമാനിറ്റീസ് വിഭാഗത്തിൽ 393 പേരും കൊമേഴ്സ് വിഭാഗത്തിൽ 11 പേരുമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ എസ്.സി വിഭാഗത്തിൽ നിന്ന് 117 പേരും, എസ്.ടി വിഭാഗത്തിൽ നിന്ന് ആറു പേരും ഉൾപ്പെടുന്നു. കൂടാതെ അഞ്ച് ഭിന്നശേഷി വിഭാഗക്കാരായ വിദ്യാർഥികളും ഇത്തവണ തുല്യതാ പരീക്ഷയുടെ ഭാഗമാകുന്നുണ്ട്. ദമ്പതികൾ, സഹോദരങ്ങൾ, അമ്മയും മകളും തുടങ്ങി സമൂഹത്തിന്റെ വിവിധ മേഖലകളിൽ നിന്നുള്ള സവിശേഷ പഠിതാക്കൾ ഇക്കുറി പരീക്ഷ എഴുതുന്നു എന്നത് ഈ വർഷത്തെ തുല്യതാ പരീക്ഷയുടെ വലിയൊരു പ്രത്യേകതയാണ്.

72-ാമത് നെഹ്റു ട്രോഫി സ്മരണികയിലേക്ക് രചനകൾ ക്ഷണിച്ചു

ആലപ്പുഴ: 72-ാമത് നെഹ്റു ട്രോഫി ജലോത്സവത്തോടനുബന്ധിച്ച് പ്രസിദ്ധീ കരിക്കുന്ന സ്മരണികയിലേക്ക് ആലപ്പുഴയുടെ ചരിത്രപരവും സാംസ്കാരികവുമായ പൈതൃകത്തെയും വള്ളംകളി പാരമ്പര്യത്തെയും ആസ്പദമാക്കിയുള്ള കഥ, കവിത, ലേഖനം എന്നീ വിഭാഗങ്ങളിൽ രചനകൾ ക്ഷണിച്ചു.

താൽപര്യമുള്ള എഴുത്തുകാർ തങ്ങളുടെ മൗലികരചനകൾ ജൂലൈ 25-നകം കൺവീനർ, എൻ.ടി.ബി.ആർ സുവനീർ കമ്മിറ്റി ആൻഡ് അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്, കലക്ടറേറ്റ്, ആലപ്പുഴ എന്ന വിലാസത്തിലോ ntbrosuvenir2026gmail.com എന്ന ഇമെയിൽ വിലാസത്തിലോ അയക്കേണ്ടതാണ്. തെരഞ്ഞെടുക്കപ്പെടുന്ന മികച്ച രചനകൾ 72-ാമത് നെഹ്റു ട്രോഫി ജലോത്സവ സ്മരണികയിൽ പ്രസിദ്ധീകരിക്കും. ഫോൺ:0477-2251676, 2252580.

ജി. സുധാകരന്റെ പ്രതികരണങ്ങൾ സകല സീമകളും ലംഘിക്കുന്നതെന്ന് സി.പി.എം.

ആലപ്പുഴ: ജി.സുധാകരൻ എം.എൽ.എയുടെ പ്രതികരണങ്ങൾ സകല സീമകളും ലംഘിക്കുന്നതെന്ന് സി.പി.എം. ജില്ലാ കമ്മിറ്റി.

യു.ഡി.എഫ്. കൂടാരത്തിൽ ചേക്കേറി എം.എൽ.എയായ സുധാകരന് ആരേയും എന്തും പറയാനുള്ള ലൈസൻസാണ് ഇപ്പോൾ കിട്ടിയിരിക്കുന്നതെന്ന് കരുതി പാർട്ടിയുടെ സംസ്ഥാന സെക്രട്ടറിയെ അങ്ങേയറ്റം സംസ്കാരശൂന്യമായ നിലയിൽ അഭിസംബോധന ചെയ്തതിൽ ശക്തമായ പ്രതിഷേധം സംഘടിപ്പിക്കാൻ ജില്ലാ കമ്മിറ്റി ആഹ്വാനം ചെയ്തു. വർഗവഞ്ചന നിരന്തരം ചെയ്ത് കൊണ്ടിരിക്കുന്നതുകൊണ്ടാണ് ഗോവിന്ദൻ സുധാകരനെ വർഗവഞ്ചകനെന്ന് സംബോധന ചെയ്തത്. പാരമ്പര്യം പറഞ്ഞ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ തകർക്കാനുള്ള വർഗ ശത്രുക്കളോടൊപ്പം ചേർന്ന് സുധാകരൻ നടത്തുന്ന ജൽപ്പനങ്ങൾക്കെതിരെ വലിയ പ്രതിഷേധം ഉയർത്തിക്കൊണ്ടുവരണമെന്ന് ജില്ലാ സെക്രട്ടറി ആർ. നാസർ പ്രസ്താവനയിൽ വ്യക്തമാക്കി.

UJJIVAN SMALL FINANCE BANK

Registered Office: Grape Garden, No.27, 3rd "A" Cross, 18th Main, 6th Block, Koramangala, Bengaluru – 5600095, Karnataka.

ഇ - ലേലവിൽപന അറിയിപ്പ്

സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002, അനുസരിച്ചും 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിലെ റൂൾ 8 (6) പ്രകാരവും സ്ഥാവര സ്വത്തുക്കൾ വിൽക്കുന്നതിനുള്ള ഇ-ലേല വിൽപന അറിയിപ്പ്. [illegible]

ക്രമ നം	ലോൺ അക്കൗണ്ട് നമ്പർ/ വായ്പക്കാരന്റെ / സഹവായ്പക്കാരന്റെ / ജാമ്യക്കാരുടെ പേര്	(i) 13 - 2 നോട്ടീസ് തീയതി ഡിമാൻഡ് തുക (ii) കൈവശപ്പെടുത്തിയ തീയതി	നിലവിലെ കുടിശിക ബാലൻസ്	റിസർവ് പ്രൈസ് INR-ൽ	നിരതദ്രവ്യ ഡിപ്പോസിറ്റ് (ഇഎംഡി) INR-ൽ
ബ്രാഞ്ച് ഓഫീസ്: നമ്പർ 67/3926/1, ഗ്രൗണ്ട് ഫ്ലോർ, വിജയത്തിൽ ബിൽഡിംഗ്, ... എറണാകുളം - ... കേരളം - 682018					
1.	1193210170000046 1.മിസ്റ്റർ സുരേഷ്കുമാർ V. R 2.മിസിസ് ജയശ്രീ	(i) 07.10.2024 & ₹ 8,97,544/- (ii) പ്രതീകാത്മക കൈവശപ്പെടുത്തൽ : 20.01.2025 ഫിസിക്കൽ പൊസഷൻ : 25.02.2026	₹ 14,22,179.84	₹ 9,58,000/-	₹ 95,800/-
സ്വത്തിന്റെ വിവരണം/ഷെഡ്യൂൾ : ആലപ്പുഴ ജില്ല, കാർത്തികപ്പള്ളി താലൂക്ക്, മുതുകുളം വില്ലേജിൽ ഉൾപ്പെടുന്ന, റീ സർവ്വേ നമ്പർ 222/13/50ൽ പെട്ട 1.21 ആർസ് ഭൂമിയും, റീ സർവ്വേ നമ്പർ 222/13/45ൽ പെട്ട ഭൂമിയും ആകെ 2.42 ആർസ് ...					
ബ്രാഞ്ച് ഓഫീസ്: നമ്പർ 4/276, മുട്ടമ്പലം പി.ഒ, കെ കെ റോഡ്, കോട്ടയം, കേരളം - 686004					
2.	1703210170000029 / 1. ശ്രീ. വിഷ്ണു ദാസ് 2. ശ്രീ. അരുൺ ദാസ് 3. ശ്രീമതി. ഉഷ ദേവദാസ്	(i) 05.12.2023 & ₹ 13,07,147/- (ii) പ്രതീകാത്മക കൈവശപ്പെടുത്തൽ : 09.05.2024 ഫിസിക്കൽ പൊസഷൻ : 11.12.2024	₹ 19,05,050.15	₹ 8,20,000/-	₹ 82,000/-
സ്വത്തിന്റെ വിവരണം/ഷെഡ്യൂൾ: കോട്ടയം ജില്ല, ഇളംകുളം വില്ലേജ്, ബ്ലോക്ക് നമ്പർ 51-ൽ ഉൾപ്പെടുന്ന, റീ സർവ്വേ നമ്പർ 187/6-3 ൽ പെട്ട 02 ആർസ് 43 സ്ക്വയർ മീറ്റർ ഭൂമിയും, റീ സർവ്വേ നമ്പർ 187/15 ൽ പെട്ട 06 ആർസ് 07 സ്ക്വയർ മീറ്റർ ഭൂമിയും ഉൾപ്പെടെ ആകെ 08 ആർസ് 50 സ്ക്വയർ മീറ്റർ ...					

ഇലേലത്തിന്റെ തീയതിയും സമയവും : 29.07.2026, രാവിലെ 11.00 മുതൽ ഉച്ചയ്ക്ക് 12.00 വരെ

ബിഡ് സമർപ്പിക്കേണ്ട അവസാന തീയതി	സ്വത്ത് പരിശോധിക്കാവുന്ന തീയതിയും സമയവും
28.07.2026 ... 5.00 ...	27.07.2026 രാവിലെ 10.00 ... 5.00 ...

കൂടുതൽ വിവരങ്ങൾക്ക് ബാങ്ക് അംഗീകൃത ഉദ്യോഗസ്ഥരുമായി ബന്ധപ്പെടുക: S.No.1: മിസ്റ്റർ ആദിത്യ - 85435 91637 / മിസ്റ്റർ റിജോ സാമൻ 78451 92861
S.No.2: മിസ്റ്റർ ഓംപ്രകാശ് - 96009 96689 / മിസ്റ്റർ റിജോ സാമൻ 78451 92861

[illegible] Mr. C1 India PVT LTD ... https://www.bankeauctions.com ... https://www.ujjivansfb.in/e-auctions ... 72919 18824, 25, 26 ... support@bankeauctions.com ... https://www.bankeauctions.com

https://www.ujjivansfb.in/e-auctions / https://www.bankeauctions.com

(Sd/-)
അധികാരപ്പെട്ട ഓഫീസർ
ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡ്

തീയതി : 07.07.2026

ബഹുമാനപ്പെട്ട മാവേലിക്കര അഡി. ജില്ലാ കോടതി മുമ്പാകെ

CMA No. 11/2025

അപ്പീൽ വാദി : Pothen Thomas @ Saji Thomas, Mundunikkunnathil House, Kuttikkanam Kara, Peerumedu Village.

2-ാം എതിർകക്ഷി : M/s India Info Line Finance Ltd; Trivandrum, Rep. by its Branch Manager, No. 62/5543 C1 Ground Floor, Cannon Shed Road, Maruthi Vilas lodge, Ernakulam, Kerala.

ടി എതിർകക്ഷിയെ തെര്യപ്പെടുത്തുന്നത്.

മാവേലിക്കര മുൻസിഫ് കോടതിയിലെ സിവിൽ 291/2017-ാം നമ്പരിലെ ഉത്തരവിന്മേൽ അപ്പീൽവാദി ബോധിപ്പിച്ചിട്ടുള്ള മേൽ നമ്പർ അപ്പീൽ സംഗതിയെപ്പറ്റി നിങ്ങൾക്ക് എന്തെങ്കിലും തർക്കമുള്ള പക്ഷം ആയത് കേസിന്റെ വിചാരണ തീയതിയായ 2026 ജൂലൈ മാസം 27 ാം തീയതി പകൽ 11 മണിക്ക് നേരിട്ടോ ക്രമപ്രകാരം അധികാരപ്പെടുത്തിയ അഡ്വക്കേറ്റ് മുഖാന്തിരമോ ഈ കോടതി മുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതും, അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ അന്യായം തീർച്ച ചെയ്യുന്നതുമാണെന്നുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

ഉത്തരവിൻപ്രകാരം
വാദിഭാഗം അഡ്വക്കേറ്റ്
സ്റ്റീഫൻ ജെ. ഡാനിയൽ (ഒപ്പ്)

മാവേലിക്കര
26.05.2026

ബഹുമാനപ്പെട്ട ഹരിപ്പാട് ജുഡീഷ്യൽ ഒന്നാംക്ലാസ് മജിസ്ട്രേറ്റ് കോടതി II മുമ്പാകെ

M.C. 120/2024

ഹർജിക്കാരി: കുമാരപുരം വില്ലേജിൽ കരുവാറ്റ തെക്കുംമുറിയിൽ രാജേഷ് ഭവനം വീട്ടിൽ രാമൻ ഭാര്യ 59 വയസ്സുള്ള രമണി.

എതിർകക്ഷി: കുമാരപുരം വില്ലേജിൽ കരുവാറ്റ തെക്കുംമുറിയിൽ രാജേഷ് ഭവനം വീട്ടിൽ രാഘവൻ മകൻ 64 വയസ്സുള്ള രാമൻ.

മേൽനമ്പർ കേസിലെ എതിർകക്ഷിയെ തെര്യപ്പെടുത്തുന്നത്

ഹർജിക്കാരിക്ക് എതൃകക്ഷിയിൽ നിന്നും ജീവനാംശം കിട്ടുന്നതിനും റെസിഡൻസ് ഉത്തരവ് ലഭിക്കുന്നതിനും മറ്റുമായി എതിർകക്ഷിക്കെതിരെ ഹർജിക്കാരി ബോധിപ്പിച്ചിട്ടുള്ള ഹർജിയിന്മേൽ എതിർകക്ഷികൾക്ക് എന്തെങ്കിലും ആക്ഷേപം ഉള്ളപക്ഷം ടി കേസിന്റെ അടുത്ത വിചാരണ തീയതിയായ 2026 ജൂലൈ മാസം 27 ാം തീയതി പകൽ 11 മണിക്ക് ഈ കോടതി മുമ്പാകെ ഹാജരായി വിവരം ബോധിപ്പിക്കേണ്ടതും, അല്ലാത്ത പക്ഷം എതിർകക്ഷിക്ക് തർക്കം ഇല്ലാ എന്നുകണ്ട് ടി കേസ് തീർപ്പാക്കുന്നതാണെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിക്കൊള്ളുന്നു.

ഉത്തരവിൻപ്രകാരം
ഹർജിഭാഗം അഡ്വക്കേറ്റ്
ആർ. അരവിന്ദാക്ഷൻ
(ഒപ്പ്)

'കുടുംബശ്രീ ജില്ലാ പ്രോഗ്രാം മാനേജരുടെ പേരിൽ നിയമനടപടി സ്വീകരിക്കണം'

ആലപ്പുഴ: പട്ടികജാതി-പട്ടികവർഗ അതിക്രമങ്ങൾ തടയൽ നിയമം അനുസരിച്ചുള്ള നിയമപ്രകാരം കുടുംബശ്രീ ജില്ലാ പ്രോഗ്രാം മാനേജരുടെ പേരിൽ നിയമനടപടി സ്വീകരിക്കുകയും അവരെ സർവീസിൽനിന്നും മാറ്റിനിർത്തി അന്വേഷണം നടത്തുകയും ചെയ്യണമെന്ന് ഫെഡറേഷൻ ഓഫ് ഷെഡ്യൂൾസ് കാസ്റ്റ് ആൻഡ് ഷെഡ്യൂൾഡ് ട്രൈബ്സ് ആവശ്യപ്പെട്ടു. പി.കെ. കാളൻ പദ്ധതി പ്രകാരം പട്ടികവർഗക്കാർക്കായി കുടുംബശ്രീ മുഖേന നിർമിച്ചുനൽകിയ വീടുകളുടെ നിർമാണവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ ചോദ്യം ചെയ്ത എസ്.സി. പ്രമോട്ടറുടെ പേരിൽ കള്ളക്കേസ് എടുത്ത് മൊബൈൽ ഫോൺ കസ്റ്റഡിയിൽ എടുക്കുകയും ചെയ്തിരുന്നു.

പി.കെ. കാളൻ പദ്ധതി പ്രകാരം പട്ടിക വർഗക്കാർക്കായി നിർമിച്ചും പുനരുദ്ധരിച്ചും നൽകിയ 88 വീടുകളിൽ 44 എണ്ണമാണ് വാസയോഗ്യമല്ലാതായത്. 2020-21 മുതൽ മാരാരിക്കുളം തെക്ക്, മാരാരിക്കുളം വടക്ക്, മണ്ണഞ്ചേരി, ആര്യാട്, ആലപ്പുഴ നഗരസഭയിലെ അവലൂക്കുന്ന് വാർഡ് എന്നിവിടങ്ങളിൽ നിർമിച്ചുനൽകിയ വീടുകൾക്കാണ് തകരാറുള്ളത്. നിർമാണത്തിനായി സർക്കാർ നൽകിയ അടങ്കൽ തുകയുടെ 70% തുക പോലും ചെലവഴിച്ചിട്ടില്ലെന്നാണ് ആരോപണം.

അതിനാൽ ഈ നിർമാണം ഏറ്റുനടത്തിയവരുടെ പേരിലും അഴിമതി ചൂണ്ടിക്കാണിച്ച എസ്.സി. പ്രമോട്ടർ കെ.ജെ നിജേഷിന്റെ പേരിൽ കള്ളപരാതി നൽകിയ കുടുംബശ്രീ മാനേജരുടെയും അതിന് ഒത്താശ നൽകിയ മറ്റ് കുടുംബശ്രീ അംഗങ്ങളുടെയും പേരിൽ പട്ടികജാതി-പട്ടികവർഗ അതിക്രമം തടയൽ നിയമപ്രകാരം കേസെടുക്കുകയും അന്യായമായി പട്ടിക വിഭാഗത്തിൽപ്പെട്ടവരുടെ ഗ്രാന്റ് പലവിധത്തിലും തിരിമറി നടത്തിയവരെ കൈയാമം ചെയ്യാനുള്ള നടപടി ഉണ്ടാകണമെന്നും ഇതിൽ വിശദമായ അന്വേഷണം വേണമെന്നും സംഘടന ആവശ്യപ്പെടുന്നു.

കുടുംബശ്രീ സംസ്ഥാന പ്രോഗ്രാം മാനേജർ പ്രഭാകരൻ, പ്രമുഖ സാമൂഹ്യപ്രവർത്തക ധന്യാ രാമൻ എന്നിവരെ മനപൂർവം ഈ കേസിൽ പ്രതികളാക്കിയതിനെയും സംഘടന അപലപിച്ചു.

Scanned with OKEN Scanner